റാവു സാഹിബ് ഐ. എൻ. മേനോൻ:

(എ) ക ക ക വ്യ-ൽ ഒരു വ്യക്തിയുടെ ഫർജി ഈ വിഷയത്തിൽ ഗവർമ്മേണ്ടിലേക്ക് അയക്കുകയുണ്ടായിട്ടുണ്ട്.

(ബി) യുദ്ധം അവസാനിച്ചതിന്റെ ശേഷം മാത്രമെ ഇത്തരം അപേക്ഷകൾ പരിഗണിക്കുവാൻ നിവൃത്തിയുള്ളു എന്നായിരുന്നു ഗവർമ്മേണ്ടിൽനിന്നുള്ള മറുപടി

മിസ്റ്റർ പി. നാരായണമേനോൻ: ഇവരുടെ ശമ്പളം റിവൈസ് ചെയ്യാമെന്നു പറഞ്ഞിട്ടുണ്ടോ?

റാവു സാഹിബ് ഐ. എൻ. മേനോൻ: റിവൈസ് ചെയ്യാമെന്നു പറഞ്ഞിട്ടില്ല. യുദ്ധകാലത്തു പലേ ഭാഗത്തുനിന്നും ഇപ്പോഴത്തെ ശമ്പളംകൊണ്ടു ജീവിക്കുവാൻ മതിയാകുന്നില്ല, അതുകൊണ്ട് ശമ്പളം കൂട്ടി കിട്ടണമെന്നു ആവശ്യപ്പെട്ടിരുന്നു. അതിനു ശേഷം അവർക്ക് ഡിയറണസ്സ് മുതലായ അലവൻസ് കൂട്ടിക്കൊടുത്തു. ഇനി യുദ്ധം കഴിഞ്ഞു എന്തെങ്കിലും ശമ്പളത്തിൽ ഒരു ക്രമീകരണം ചെയ്യുമ്പോൾ ഇതു് ആലോചിക്കാമെന്നു പറഞ്ഞിട്ടുണ്ട്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: സ്പെഷ്യൽ ഫീനാസുകമ്മറി ഗ്രൂപാശ്രയനുസരിച്ചു ശമ്പളം കൂട്ടാത്ത ഉദ്യോഗസ്ഥന്മാർ ഇവർ മാത്രമല്ലെയുള്ളൂ?

റാവുസാഹിബ് ഐ. എൻ. മേനോൻ: നോട്ടീസ്സുവേണം,

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ആറേഴു കൊല്ലം മുമ്പു ഒരു ഖണ്ഡനോപക്ഷേപത്തിനു മറുപടിയായി ഇവരുടെ ശമ്പളം കൂട്ടുന്ന കാര്യം ആലോചിക്കാമെന്നു പറഞ്ഞിട്ടുള്ളതു് ഓർമ്മയുണ്ടോ?

റാവു സാഹിബ് ഐ. എൻ. മേനോൻ: നോട്ടീസ്സ് വേണം. ആറേഴു കൊല്ലം കഴിഞ്ഞ കാര്യമാണ്, അങ്ങിനെ പറഞ്ഞിട്ടുണ്ടോ എന്നുള്ളതിനു് എന്റെ കയ്യിൽ രേഖയില്ല.

NOON-DAY FEEDING

322. മിസ്റ്റർ കെ. കൊച്ചുകുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവർമ്മേണ്ടു സദയം മറുപടി പറയുമോ.—

(എ) ഉച്ചഭക്ഷണം കൊടുക്കുന്ന സ്കൂളുകളിൽ കുട്ടികളെ ജാതി തിരിച്ചു മാറി നിർത്തിയാണോ അവർക്കു ഭക്ഷണം കൊടുക്കുന്നതു;

(ബി) അപ്രകാരമാണെങ്കിൽ അങ്ങിനെ വേണമെന്നു് വല്ല സർക്കുലറും ഗവർമ്മേണ്ടോ, വിദ്യാഭ്യാസ മേലധ്യക്ഷനോ പുറപ്പെടുവിച്ചിട്ടുണ്ടോ?

റാവു സാഹിബ് ഐ. എൻ. മേനോൻ:

(എ) അല്ല.

(ബി) ഉത്തരം ആവശ്യമില്ല.

SALE OF FOOD STUFFS PURCHASED BY THE SUPPLY DEPARTMENT

323. Mr. M. O. Thomakutty *(Commerce and Industry):* Will Government be pleased to state.—

(*a*) whether Government have sold away in lots Food Stuffs purchased for the Supply Department in the years 1119 and 1120;

(*b*) to whom where they sold, items sold to each person, cost price and selling price of each item shown separately;

(*c*) whether such sales where conducted by public auction after giving wide publicity;

(*d*) whether wholesale merchants at Mattancheri and Trichur were consulted before the sale; and if so, whom?

Rao Sahib M. M. Paul *(Director of Food Supplies):*

(*a*) Yes.

(*b*) A copy of the statement is placed on the Council Table.

(*c*) This was done in some cases.

(*d*) Yes. The name of the merchants consulted cannot be furnished as no record has been kept to ascertain the same.

LIBRARY ARCHIVES Kerala Legislative Assembly